**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2301** **05-02-2026 - ൽ മറുപടിയ്ക്ക്**

**കല്ല്യാശ്ശേരി മണ്ഡലത്തിലെ എക്സൈസ് വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി മണ്ഡലത്തിൽ എക്സൈസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം നൽകാമോ? | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കല്യാശ്ശേരി മണ്ഡലത്തിന് മാത്രമായി പ്രത്യേക പദ്ധതികൾ എക്സൈസ് വകുപ്പ് മുഖേനെ നടപ്പാക്കിയിട്ടില്ല. സർക്കാർ നടപ്പാക്കി വരുന്ന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ ഭാഗമായി ലഹരി വർജ്ജന ലക്ഷ്യം കൈവരിക്കുന്നതിനും, മയക്കമരുന്നുകളുടെ വ്യാപനം തടയുന്നതിനും ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും പഞ്ചായത്ത്, വാർഡ് തല യോഗങ്ങൾ സംഘടിപ്പിക്കുകയും, പൊതുജനങ്ങളിൽ നിന്നും ലഭിച്ചിരുന്ന പരാതികൾ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സ്കൂൾ വിദ്യാർത്ഥികളിൽ കായിക ലഹരി വളർത്തി അവരെ ലഹരിക്കടിമപ്പെടാതെ ഉത്തമ പൗരൻമാരായി വാർത്തെടുക്കുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കിയ "സ്പോർട്സ് ടീം" 2022-23 വർഷത്തിൽ GVHSS ചെറുതാഴം, GHSS കടന്നപ്പള്ളി, GHSS കണ്ണാടിപ്പറമ്പ്, GVHSS നെരുവമ്പ്രം എന്നീ സ്കൂളുകളിലും 2023-24 വർഷത്തിൽ GHSS മാട്ടൂൽ, GHSS കല്യാശ്ശേരി, ഗവൺമെന്റ് വെൽഫെയർ GHSS ചെറുകുന്ന്, GHSS കുഞ്ഞിമംഗലം 2025-26 വർഷത്തിൽ GHSS ചെറുതാഴം, GVHSS ചെറുകുന്ന് എന്നീ സ്കൂളുകളിൽ രൂപീകരിച്ച് സ്പോർട്സ് കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 1,16,000 രൂപ വിനിയോഗിച്ചിട്ടുണ്ട്.<br><br>GHSS കല്യാശ്ശേരി കേന്ദ്രീകരിച്ച് കുട്ടികൾക്കായി 2022-23 വർഷത്തിൽ മെഡിക്കൽ ക്യാമ്പും, 2023-24 വർഷത്തിൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് ചുമർ ചിത്രരചനാ മത്സരവും, ഡിബേറ്റ് മത്സരവും സംഘടിപ്പിച്ചിട്ടുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ തീരദേശ മേഖലയിലെ സ്കൂളുകൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾ/രക്ഷിതാക്കൾ |

| | | | |
|---|---|---|---|
| | | | എന്നിവർക്കായി വ്യക്തിത്വ-വികസന പരിശീലനം/ സയന്റിഫിക് പാരന്റിംഗ് രീതികൾ എന്ന വിഷയത്തെ ആസ്പദമാക്കി PJHSS പുതിയങ്ങാടി, CWHSS ചെറുകുന്ന്, GHSS മാട്ടൂൽ എന്നീ സ്കൂളുകളിൽ വിദഗ്ധരെ ഉൾപ്പെടുത്തി ട്രെയിനിംഗ് പ്രോഗ്രാം സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും ഈ ആവശ്യത്തിനായി 35,000/- രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ